(സി) രണ്ടു കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ക്രൈം 34/05, കസബ പി. എസ്.
2. ക്രൈം 36/05, കസബ പി. എസ്.

(ഡി) ക്രൈം 34/05, 36/05 എന്നീ കേസുകളിലായി 35 പ്രതികൾ ഉണ്ട്. ഇതിൽ അഞ്ചു പേരെ അറസ്റ്റ് ചെയ്തു.

1. മുഹമ്മദ് മകൻ സുലൈമാൻ
2. ബാലൻ മകൻ ബിജേഷ്
3. അലി മകൻ ജംഷീർ
4. അപ്പുട്ടി മകൻ നിഖിൽ
5. അബ്ദുൾ ഖാദർ മകൻ മുഹമ്മദ് റിയാസ്

കൂടാതെ കണ്ടാലറിയാവുന്ന 30 പ്രതികൾ.

(ഇ) അഞ്ചു പേരെ അറസ്റ്റ് ചെയ്തു. കണ്ടാലറിയാവുന്ന 30 പ്രതികളെ അറസ്റ്റ് ചെയ്യുവാനുണ്ട്.

(എഫ്) പൊതുമുതൽ നശിപ്പിക്കുന്നവരിൽ നിന്നുമാത്രമേ സർക്കാരിന് നഷ്ടം വസൂലാക്കുവാൻ വ്യവസ്ഥയുള്ളൂ. സിവിൽ കേസുവഴി നഷ്ടം സംഭവിച്ചവർ തന്നെ നടപടി എടുക്കേണ്ടതാണ്.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) ഉത്തരം (ജി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് നേരെയുള്ള അക്രമം

27 [1542] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എൽ. ബി. എസ്. എഞ്ചിനീയറിംഗ് വിദ്യാർത്ഥികളെ സാമൂഹ്യദ്രോഹികൾ നിരന്തരമായി ആക്രമിച്ച് പരുക്കേല്പിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കഴിഞ്ഞ മൂന്ന് വർഷത്തിനിടെ എത്ര പ്രാവശ്യം വിദ്യാർത്ഥികൾ ആക്രമണത്തിന് വിധേയമായിട്ടുണ്ട് ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) കേസിലെ പ്രതികൾ ആരൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഇ) വിദ്യാർത്ഥികൾക്കെതിരെയുള്ള ആക്രമണം തടയുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) നാലുപ്രാവശ്യം.

(സി)&(ഡി) അദൂർ പോലീസ് സ്റ്റേഷനിൽ 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ക്രൈം നമ്പർ 230/02 കേസിലെ പ്രതികൾ—ബദറുദ്ദീൻ, സെമിർ, ഷിഹാബുദ്ദീൻ, എം. ഐ. ഷറഫ്, പി. സി. അബ്ബാസ്. ക്രൈം നമ്പർ 241/04 കേസിലെ പ്രതികൾ—അബ്ദുൾ റഹിമാൻ, റിയാസ്, മമ്മദ്, ബടുവൻ കുഞ്ഞി, അബ്ദുൾ ഖാദർ, സിദ്ദിഖ്, ഇബ്രാഹിം നെല്ലിക്കട്ട. ക്രൈം നമ്പർ 6/05 കേസിലെ പ്രതികൾ—എസ്. എം. മുഹമ്മദ് കുഞ്ഞി, എ. ഇ. ഷാഫി, റഫീഖ്, എ. ടിപ്പു, സിദ്ദിഖ്, മജീദ്, നസീർ, റിയാസ്, ഉമ്മർ, ലത്തീഫ്. ക്രൈം നമ്പർ 240/04 കേസിലെ പ്രതികൾ—ബദറുദ്ദീൻ, നൗഷാദ്, നിയാസ്.

(ഇ) എൽ. ബി. എസ്. എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാൾ ആവശ്യപ്പെടുന്ന സമയങ്ങളിൽ പോലീസ് സംരക്ഷണം നൽകിവരുന്നുണ്ട്. വിദ്യാർത്ഥികളെ ആക്രമിച്ച കേസുകളിൽ അന്വേഷണം നടത്തി പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്. കൂടാതെ 24-11-2004-ന് എൽ. ബി. എസ്. കോളേജ് വിദ്യാർത്ഥികളും നാട്ടുകാരും ഏതോ അക്രമ പ്രവർത്തനത്തിന് കൂട്ടം കൂടി നിൽക്കുമ്പോൾ പിരിഞ്ഞുപോകാൻ പറഞ്ഞിട്ടും പോകാത്തതിനാൽ അദൂർ പി. എസ്. ക്രൈം 237/04 യു/എസ്. 151 സി. ആർ. പി. സി. പ്രകാരം 10 പേരെ മുൻ കരുതൽ അറസ്റ്റ് ചെയ്തിരുന്നു. ബന്ധപ്പെട്ട എല്ലാ കക്ഷികളെയും ഉൾപ്പെടുത്തി കാസർഗോഡ് ജില്ലാ കളക്ടർ 25-1-2005-ന് സമാധാന കമ്മിറ്റി വിളിച്ചിരുന്നു. എസ്. എഫ്. ഐ. വിദ്യാർത്ഥികൾ ബഹിഷ്കരിച്ച പ്രസ്തുത കമ്മിറ്റിയിൽ മറ്റുള്ളവർ സംബന്ധിച്ചിരുന്നു. 25-2-2005-ന് വീണ്ടും ഒരു സമാധാന കമ്മിറ്റി വിളിച്ചിട്ടുണ്ട്. നിലവിൽ സ്ഥലത്ത് ക്രമസമാധാന പ്രശ്നങ്ങൾ ഒന്നും തന്നെയില്ല.

ഗൾഫ് രാജ്യങ്ങളിൽ തടവിലായ മലയാളി പെൺകുട്ടികൾ

28 [1543] ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. വി. ജെ. പൗലോസ്:
ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളീയരായ പെൺകുട്ടികളും സ്ത്രീകളും ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ തടവിലായതായി റിപ്പോർട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേർ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിലുണ്ട് ;

(ബി) ഇതു സംബന്ധിച്ച് റിപ്പോർട്ടുകളൊന്നും കിട്ടാത്തപക്ഷം ഇതേപ്പറ്റി ഗൾഫ് രാജ്യങ്ങളിലെ പ്രത്യേകിച്ച് ദുബായിലെ ജയിലുകളിൽ അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത രാജ്യത്തെ ജയിലുകളിൽ മലയാളി സ്ത്രീകൾ ഉണ്ടെങ്കിൽ അവരെ തിരിച്ചു കൊണ്ടുവരുവാൻ നടപടിയെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly